Special message

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- നിയോജക മണ്ഡല ആസ്തി വികസന പദ്ധതി- പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് പ്രത്യേക ബജറ്റ് അലോട്ട്മെന്റ് സംവിധാനം സ്വീകരിച്ച് -ഉത്തരവു പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (ബജറ്റ് വിംഗ്-ഇ) വകുപ്പ്**

സ.ഉ.(അച്ചടി) നം. 165/2018/ധന തിരുവനന്തപുരം, തീയതി 26/10/2018.

================================================================

സൂചന:- സ.ഉ. (അച്ചടി) നം. 119/18/ധനം., തീയതി 04/08/2018

## <u>ഉത്തരവ്</u>

ആസ്തി വികസന പദ്ധതിയുടെ കീഴിൽ അനുമതി നൽകിയ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് പ്രത്യേക അലോട്ട്മെന്റ് സംവിധാനം സ്വീകരിക്കുവാൻ സൂചന പ്രകാരം ഉത്തരാവായിട്ടുണ്ട്. ആയതിൻ പ്രകാരം താഴെ പറയും പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. LAC ADS പ്രവൃത്തികളുടെ പേയ്മെന്റ് ലെറ്റർ ഓഫ് ക്രെഡിറ്റ് മുഖാന്തിരമുള്ള ബജറ്റ് അലോട്ട്മെന്റ് സംവിധാനത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

II. Demand No. XV-പൊതുമരാമത്ത്-ൽ വരുന്ന ശീർഷകങ്ങളിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ ചീഫ് കൺട്രോളിംഗ് ഓഫീസർമാരായി തുടരുന്നതാണ്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ തന്നെ BAMS മുഖാന്തിരം അലോട്ട്മെന്റ് നൽകേണ്ടതാണ്.

III. മറ്റ് Demand കളിൽ വരുന്ന LAC-ADS ശീർഷകങ്ങളിൽ ബന്ധപ്പെട്ട സെക്രട്ടറി/വകുപ്പ് തലവൻമാരെ ചീഫ് കൺട്രോളിംഗ് ഓഫീസർമാർ ആക്കി മാറ്റുന്നതാണ്. പ്രസ്തുത ശീർഷകങ്ങളിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളിൽ പൊതുമരാമത്ത് വകുപ്പ് ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ ബന്ധപ്പെട്ട ഡിവിഷണൽ ഓഫീസർമാർ/ സബ് ഡിവിഷണൽ ഓഫീസർമാർ പാസ്സ് ആക്കി നൽകുന്ന മുറയ്ക്ക് ബന്ധപ്പെട്ട വകുപ്പ് പെയ്മെന്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

IV. ഈ ഉത്തരവിന് 01.04.2019 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എസ്സ്. അനൂപ്**

അഡീഷണൽ സെക്രട്ടറി(ധനകാര്യം)

To

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),(ജി& എസ്.എസ്.എ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരവനന്തപുരം
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണ വകുപ്പുകൾക്കും
8. എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധന വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. എല്ലാ ട്രഷറി ഓഫീസർമാർക്കും
14. നോഡൽ ഓഫീസർ www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ